# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5837 19.11.2019 -ൽ മറുപടിയ്ക്ക്

**എഴുത്ത് ലോട്ടറി മാഫിയ**

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എഴുത്ത് ലോട്ടറി മാഫിയകളുടെ പ്രവർത്തനം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം ലഭിക്കുന്ന നമ്പരിന്റെ അവസാന മൂന്നക്കങ്ങൾ പ്രവചിക്കുന്നവർക്ക് സമ്മാനം എന്ന രീതി അവലംബിച്ച് നിയമ വിരുദ്ധ എഴുത്ത് ലോട്ടറികൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ എഴുത്ത് ലോട്ടറി പ്രവർത്തനം അവസാനിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (ബി) | എഴുത്ത് ലോട്ടറികളുടെ നടത്തിപ്പിനെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2018 ജനുവരി മാസം പോലീസ് മുഖാന്തിരം കേരളത്തിലെ വിവിധ ജില്ലകളിൽ റെയ്ഡുകൾ നടത്തി 50-ഓളം അറസ്റ്റുകൾ രേഖപ്പെടുത്തുകയും ഇത്തരം അനധികൃത ലോട്ടറികൾക്കെതിരെയുള്ള നടപടി കർശനമായി തുടർന്നു പോരുകയും ചെയ്യുന്നുണ്ട്. കൂടാതെ ജില്ലകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ വിശദാംശം ജില്ലാ മോണിറ്ററിംഗ് സെല്ലിൽ അവതരിപ്പിക്കുകയും ആയത് സ്റ്റേറ്റ് മോണിറ്ററിംഗ് സെല്ലിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. |
| (സി) | എന്തെല്ലാം നിയമനടപടികളാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ? | (സി) | 1.എഴുത്ത് ലോട്ടറികൾക്കെതിരെ കൂടുതൽ കർക്കശമായ നടപടികൾ കൈക്കൊള്ളുന്നതിനായി 19/09/2018 ൽ സംസ്ഥാന പോലീസ് മേധാവിയുമായി കൂടിക്കാഴ്ച നടത്തുകയും എഴുത്ത് |

| | | | |
|---|---|---|---|
| | | | ലോട്ടറികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തു.<br>2.പോലീസ് വകുപ്പും ലോട്ടറി വകുപ്പും സംയുക്തമായി എഴുത്ത് ലോട്ടറികൾക്കെതിരെ നടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി ഒരു ലോട്ടറി ഇൻവസ്റ്റിഗേഷൻ ടീം 14 ജില്ലകളിലും രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br>3.എഴുത്ത് ലോട്ടറികളുടെ നടത്തിപ്പ് സംബന്ധിച്ച് പൊതുജനങ്ങൾക്ക് വിവരം നൽകാൻ ഒരു ടോൾ ഫ്രീ നമ്പർ ആരംഭിച്ചിട്ടുണ്ട്.<br>4. രജിസ്റ്റേർഡ് ഏജന്റുമാർ ഇത്തരം അനധികൃത ലോട്ടറി ടിക്കറ്റിന്റെ വിൽപ്പനയിൽ ഏർപ്പെടുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ടിയാളുകളുടെ ഏജൻസി സസ്പെന്റ് ചെയ്യുന്ന തുൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളു ന്നുണ്ട്.<br>5. ഏജന്റുമാർക്കും വിൽപ്പനക്കാർക്കും അനധികൃത ലോട്ടറി നടത്തിപ്പ്/ എഴുത്ത് ലോട്ടറി നടത്തിപ്പ് എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കുന്നതിനും വ്യാജ ടിക്കറ്റിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും വെൽഫെയർ ഫണ്ട് മുഖേന ശിൽപ്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. |

Riya

സെക്ഷൻ ഓഫീസർ